പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1938

12.02.2013-ലെ മറുപടിക്ക്.

## ഗ്രാമീണ കോടതികളും, സായാഹ്ന കോടതികളും സ്ഥാപിക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഗ്രാമീണ കോടതികളും, സായാഹ്ന കോടതികളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | : (എ) സംസ്ഥാനത്ത് ഗ്രാമീണ കോടതികളും സായാഹ്ന കോടതികളും അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഗ്രാമീണ കോടതികളുടെ പ്രവർത്തനത്തിനായി ഗ്രാമന്യായാലയ റൂൾസ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ടി റൂളിലെ ന്യായാധികാരികളുടെ നിയമനം സംബന്ധിച്ച റൂൾ ഭേദഗതി- യ്ക്കായി ഇപ്പോൾ ഹൈക്കോടതിയിൽ ജഡ്ജിമാരുടെ കമ്മിറ്റിയുടെ പരിശോധനയിലാണ്. അനുവദിച്ച 30 ഗ്രാമന്യായാലയങ്ങളും പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യമൊരുക്കാൻ ബന്ധപ്പെട്ട 30 ബ്ലോക്കുകൾക്കും നിർദ്ദേശം നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പിനോടഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ഇപ്പോൾ 5 സായാഹ്നകോടതികൾ പ്രവർത്തിച്ചു വരുന്നുണ്ട്. ടി കോടതികളുടെ പ്രവർത്തനം സംസ്ഥാനത്തെ സാഹചര്യത്തിൽ വിജയകരമല്ല എന്ന് വിലയിരുത്തിയതിന്റെ |

(മറുപുറം)

അടിസ്ഥാനത്തിൽ സായാഹ്ന കോടതികൾക്ക് പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം അനുവദിച്ച ഫണ്ടുപയോഗിച്ച് 27 സ്പെഷ്യൽ ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിൽ എവിടെയെല്ലാമാണ് സായാഹ്നകോടതികളും ഗ്രാമീണ കോടതികളും തുടങ്ങുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത് എന്നും അവ എന്നുമുതൽ പ്രവർത്തനം ആരംഭിക്കും എന്നും അറിയിക്കുമോ?

: (ബി) തൃശ്ശൂർ ജില്ലയിൽ, പഴയന്നൂർ (ചേലക്കര) മതിലകം (മതിലകം ഹെഡ് ക്വാർട്ടേഴ്സ്) എന്നീ ബ്ലോക്കുകളിൽ ഗ്രാമന്യായാലയങ്ങൾ അനുവദിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം ആരംഭിക്കേണ്ടത് ഹൈക്കോടതിയാണ്. തൃശ്ശൂർ ജില്ലാ ആസ്ഥാനത്ത് നിലവിൽ ഒരു സായാഹ്ന കോടതി പ്രവർത്തിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ